# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2711 17.06.2019 -ലെ മറുപടി

### എറണാകുളം രാമമംഗലത്ത് തടയണ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | | **കെ.കൃഷ്ണൻ കുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) എറണാകുളം ജില്ലയിൽ രാമമംഗലത്ത് പണിയുന്ന തടയണ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ ; | (എ) യും (ബി) യും | കരാർ പ്രകാരം ടി പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 04.07.2019 വരെയാണ്. എന്നാൽ 2018 ഓഗസ്റ്റിലുണ്ടായ പ്രളയം മൂലവും, മഴക്ക് ശേഷം ഇടുക്കി ജലവൈദ്യുതി പദ്ധതിയിൽ നിന്ന് വൈദ്യുതി ഉൽപ്പാദനം കൂടിയ സാഹചര്യത്തിൽ പുഴയിലെ നീരൊഴുക്ക് വർദ്ധിക്കുകയും, നിർമ്മാണ പ്രവർത്തനത്തിനായി ഇട്ടിരിക്കുന്ന ബണ്ട് കര കവിഞ്ഞ് ഒഴുകുന്നതിനാലും ടി തടയണയുടെ തുടർനിർമ്മാണ പ്രവർത്തനങ്ങൾ നിർത്തി വയ്ക്കേണ്ടതായി വന്നു. കരാർ കാലാവധിക്കുള്ളിൽ ഈ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. 30.04.2020-ന് മുൻപായി ടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിലവിൽ തടസമുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ